പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3191 — 20/06/2014- ൽ മറുപടിക്ക്

## രോഗങ്ങൾ പകരുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ, പ്രദീപ്കുമാർ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| കോഴിക്കോട് ജില്ലാ മൃഗാശുപത്രിയിൽ ചികിത്സയ്ക്കായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ചികിത്സാ സ്ഥലത്തെ പോരായ്മകൾ കാരണം അവിടെനിന്നും മറ്റു പകർച്ചവ്യാധികൾ പകരുന്നത് തടയുവാൻ എന്തെങ്കിലും സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ചികിത്സയ്ക്കായി എത്തുന്ന മൃഗങ്ങളെ ചെറുത്, വലുത്, പകർച്ച രോഗബാധയുള്ളവ എന്നിങ്ങനെ തരംതിരിച്ച് പരിശോധന നടത്താൻ ഇപ്പോൾ സൗകര്യങ്ങൾ ഏറെ പരിമിതമാണ്. പകർച്ച രോഗബാധയേറ്റവയെ പ്രത്യേക സ്ഥലത്ത് വെച്ച് ചികിത്സിക്കുകയും പരിശോധന ടേബിൾ അണുനാശിനികൾ ഉപയോഗിച്ച് അണുവിമുക്തമാക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രി പ്രവർത്തനങ്ങളുടെ ഭാഗമായി അണുനാശിനികൾ ഉപയോഗിച്ചുള്ള ശുചീകരണം, സ്റ്റെറിലൈസേഷൻ, ഡിസ്പോസിബിൾ സിറിഞ്ചുകൾ, നീഡിലുകൾ എന്നിവയുടെ ഉപയോഗം എന്നിവ കർശനമായി നടപ്പാക്കുന്നുണ്ട്.<br>ഐസൊലേഷൻ വാർഡ്, വാക്സിനേഷൻ റൂം എന്നിവയും നിർമ്മിക്കേണ്ടതുണ്ട്. ആശുപത്രി വികസന സമിതി, ജില്ലാ പഞ്ചായത്ത് ഭരണ സമിതി എന്നിവയുമായി ആലോചിച്ച് ഒ.പി നവീകരണം സംബന്ധിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ